'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- ഗോശ്രീ ദ്വീപ് വികസന അതോറിറ്റി - കരാർ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തിയ ശ്രീ.സി.കെ.പ്രദീപ് ഉൾപ്പടെ ആറ് ജീവനക്കാർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്യു.പി.സി.നം.23243/2016 കേസിന്മേലുള്ള 19/03/2019-ലെ വിധിന്യായം - കോടതി നിർദ്ദേശം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1748/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/08/2019

പരാമർശം:- 1 07/02/2015 ലെ സ.ഉ.(കൈ) നം. 26/2015/തസ്വഭവ ഉത്തരവ്

2 16/02/2016-ലെ സ.ഉ.(കൈ) നം.34/2016/തസ്വഭവ ഉത്തരവ്

3 ഡബ്യു.പി.സി.നം.23243/2016 കേസിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 19/03/2019-ലെ വിധിന്യായം.

4 12.04.2019 തീയതിയിൽ സർക്കാരിൽ ലഭിച്ച ഡബ്യു.പി.സി.നം.23243/2016 കേസിലെ പരാതിക്കാരുടെ നിവേദനം.

<u>ഉത്തരവ്</u>

ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകളിൽ പത്ത് വർഷത്തിലധികമായി കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ അവരുടെ പത്ത് വർഷ സർവ്വീസ് പൂർത്തീകരിക്കുന്ന തീയതി മുതൽ ക്രമീകരിക്കുന്നതിന് ജിഡയുടെ 28-ാമത് ജനറൽ കൗൺസിൽ സർക്കാരിനോട് ശുപാർശ ചെയ്യുകയും യോഗ്യതയുള്ള 6 കരാർ തൊഴിലാളികളുടെ വിവരം ജിഡ സെക്രട്ടറി ലഭ്യമാക്കുകയും ആയതിന്മേലുള്ള സാമ്പത്തിക ചെലവ് ജിഡയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതാണെന്ന് അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കുടിശിക ലഭ്യമാവില്ല എന്ന നിബന്ധനയോടെ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വന്ന പത്തു വർഷം പൂർത്തിയാക്കിയ ശ്രീ.സി.കെ.പ്രദീപ്, ശ്രീ.കെ.റ്റി.മനോജ്, ശ്രീ.പി.ഡി.സുനിൽകുമാർ, ശ്രീ.ജാക്സൺ ഡയസ്, ശ്രീ.റ്റി.എൻ.ബിജുകുമാർ, ശ്രീമതി.കെ.എസ്.ലീന എന്നീ ആറു ജീവനക്കാരുടെ സർവീസ് ക്രമീകരിച്ചുകൊണ്ടു പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം മേൽ ജീവനക്കാരുടെ വേതനം സർക്കാർ ജീവനക്കാരുടെ ഒൻപതാം ശമ്പള പരിഷ്കരണ ഉത്തരവിന് അനുസൃതമായി നിർണ്ണയിച്ചു നൽകുകയും ചെയ്തിരുന്നു.

2. സർവ്വീസ് ക്രമീകരിച്ച തീയതി, കരാറടിസ്ഥാനത്തിൽ പത്തുവർഷം പൂർത്തിയാക്കിയ തീയതിയായി പുനർനിർണ്ണയിക്കുക, ആരംഭ നിയമനം മുതൽ ഫിക്സേഷൻ നടത്തി കുടിശ്ശിക അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി മേൽ ജീവനക്കാർ, ബഹു. ഹൈക്കോടതിയിൽ ഡബ്യു.പി.സി.നം.23243/2016 നമ്പർ കേസ് ഫയൽ ചെയ്യുകയും, പരാമർശം (3) -ലെ വിധിന്യായപ്രകാരം ജിഡ ജനറൽ കൗൺസിൽ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം പത്തു വർഷം പൂർത്തിയായ കാലയളവിൽ

സർവ്വീസ് ക്രമപ്പെടുത്തി നല്കുക എന്ന അപേക്ഷയുമായി പരാതിക്കാർ ടി കേസിലെ രണ്ടാം എതിർകക്ഷിയായ സർക്കാരിനെ വീണ്ടും സമീപിക്കുകയാണെങ്കിൽ, പരാതിക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം പുനപരിശോധിക്കണമെന്നും നിവേദനം പരിശോധിച്ച പരാതിക്കാരെയും ഒന്നാം എതിർകക്ഷിയായ സെക്രട്ടറിയെയും നേരിൽ കേട്ട് നിവേദനം ലഭിച്ച മൂന്ന മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്നും ഉത്തരവായിരുന്നു.

3. പരാമർശം (3)-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി കേസിലെ പരാതിക്കാർ പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതിയുടെ വിധിന്യായ പ്രകാരമുള്ള നടപടി സ്വീകരിക്കാൻ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ആയതിൻപ്രകാരം ശ്രീ.സി.കെ.പ്രദീപ് ഉൾപ്പെടെയുള്ള പരാതിക്കാരെയും ഒന്നാം എതിർ കക്ഷിയായ ജിഡ സെക്രട്ടറിയേയും 31.05.2019-ൽ നേരിൽ കേൾക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജീവനക്കാരെ ക്രമീകരിച്ച തീരുമാനം കൈക്കൊള്ളുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതിനാണ് ഉത്തരവ് തീയതിയുടെ പ്രാബല്യത്തിലുള്ള നടത്തിപ്പ്, കുടിശ്ശിക ഒഴിവാക്കുക ഇത്യാദി മാനദണ്ഡങ്ങളും വ്യവസ്ഥകളും സർവീസ് ക്രമീകരിച്ച ഉത്തരവിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള വ്യവസ്ഥകൾ എല്ലാം ഉൾക്കൊണ്ടു കൊണ്ട് സ്ഥിരനിയമനം ലഭിച്ച ശേഷം മുൻകാല പ്രാബല്യം പോലുള്ള ആനുകൂല്യം ആവശ്യപ്പെടുന്നത് ന്യായീകരിക്കാനാവാത്തതും ഇത് ജീവനക്കാർ സർക്കാരുമായി ഉണ്ടാക്കിയ കരാറിന്റെ ലംഘനവുമാണ്. ഈ സാഹചര്യത്തിൽ ഡബ്ല്യു.പി.സി.നം.23243/2016 നമ്പർ കേസിലെ പരാതിക്കാർ സർക്കാരിൽ സമർപ്പിച്ച പരാമർശം (4) പ്രകാരമുള്ള അപേക്ഷ നിരസിച്ചു കൊണ്ടും അപ്രകാരം പരാമർശം (3)-ലെ ബഹു ഹൈക്കോടതി വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ എൽ**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.സി.കെ.പ്രദീപ്, ലാൻ സൂപ്പർവൈസർ, ജിഡ
ശ്രീ.കെ.റ്റി.മനോജ്, ഡ്രൈവർ, ജിഡ
ശ്രീ.പി.ഡി.സുനിൽകുമാർ, ഓഫീസ് അറ്റൻഡന്റ് , ജിഡ
ശ്രീ.ജാക്സൺ ഡയസ്, ഓഫീസ് അറ്റൻഡന്റ് , ജിഡ
ശ്രീ.റ്റി.എൻ.ബിജുകുമാർ, ചെയിൻമാൻ, ജിഡ
ശ്രീ.കെ.എസ്.ലീന, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് - II, ജിഡ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ